REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-03-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **നിയമസഭാ തെരഞ്ഞെടുപ്പിൽ പത്രികാ സമർപ്പണത്തിന് രണ്ട് പ്രവൃത്തിദിനം മാത്രം ശേഷിക്കെ സംസ്ഥാനത്ത് പ്രമുഖ മുന്നണി സ്ഥാനാർഥികൾ ഇന്ന് പത്രികനൽകും.**
- **തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക്, ഡിജിറ്റിൽ മാധ്യമങ്ങളിലെ പരസ്യങ്ങൾ നിയന്ത്രിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ബഹ്റിൻ രാജാവ് ഹമദ് ബിൻ ഇസാ അൽ ഖലീഫയുമായി പശ്ചിമേഷ്യൻ സാഹചര്യം ടെലഫോണിൽ ചർച്ച ചെയ്തു. പെരുന്നാൾ ദിനത്തിലും പശ്ചിമേഷ്യ സംഘർഷ ഭരിതം.**
- **ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് പഞ്ചാബ് FCയെ കൊച്ചിയിൽ നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിൽ പത്രികാ സമർപ്പണത്തിന് രണ്ട് പ്രവൃത്തിദിനം മാത്രം ശേഷിക്കെ സംസ്ഥാനത്ത് പ്രമുഖ മുന്നണി സ്ഥാനാർഥികൾ ഇന്ന് പത്രികനൽകും.

കോഴിക്കോട്ട് നോർത്ത് നിയമസഭാ മണ്ഡലം NDA സ്ഥാനാർത്ഥി നവ്യാ ഹരിദാസ് രാവിലെ പത്രിക നൽകും. ഡൽഹി മുഖ്യമന്ത്രി രേഖ ശർമ പത്രികാ സമർപ്പണത്തിലും, റോഡ് ഷോയിലും പങ്കെടുക്കും.

ബേപ്പൂരിൽ LDF സ്ഥാനാർഥി PA മുഹമ്മദ് റിയാസും രാവിലെ പത്രിക നൽകും. കോഴിക്കോട് നോർത്തിൽ LDF സ്ഥാനാർഥി തോട്ടത്തിൽ രവീന്ദ്രൻ,

കൊയിലാണ്ടിയിലെ UDF സ്ഥാനാർഥി K പ്രവീൺകുമാർ, കുന്നമംഗലത്തെ UDF സ്ഥാനാർഥി MA റസാക്, തിരുവമ്പാടിയിലെ LDF സ്ഥാനാർഥി ലിൻഡോ ജോസഫ് എന്നിവരും ഇന്ന് പത്രിക നൽകും.

കണ്ണൂരിൽ പേരാവൂരിൽ UDFലെ സണ്ണിജോസഫ്, LDFലെ KK ശൈലജ, NDAയിലെ പൈലി വാത്യാട്ട്, ധർമടത്തെ UDF സ്ഥാനാർത്ഥി അബ്ദുൾ റഷീദ്, മട്ടന്നൂരിലെ LDF സ്ഥാനാർത്ഥി VK സനോജ്, UDF സ്ഥാനാർത്ഥി ചന്ദ്രൻ തില്ലങ്കേരി, NDA യിലെ ബിജു ഏളക്കുഴി, ഇരിക്കൂരിലെ UDF സ്ഥാനാർത്ഥി സജീവ് ജോസഫ്, കല്യാശേരിയിലെ UDF സ്ഥാനാർത്ഥി കപ്പച്ചേരി രാജീവൻ, തലശേരിയിലെ LDF സ്ഥാനാർത്ഥി കാരായി രാജൻ, UDF സ്ഥാനാർത്ഥി KP സാജു എന്നിവരും ഇന്ന് പത്രിക നൽകുന്നവരിൽ ഉൾപ്പെടുന്നു.

പയ്യന്നൂരിലെ കക്ഷിരഹിത സ്ഥാനാർത്ഥി V കുഞ്ഞികൃഷ്ണനും ഇന്ന് പത്രിക സമർപ്പിക്കും. NDAയുടെ AP ഗംഗാധരനും പത്രിക നൽകും. തളിപ്പറമ്പിൽ LDFലെ PK ശ്യാമള, കല്യാശേരിയിൽ LDFലെ PK പ്രവീൺ എന്നിവരും ഇന്ന് പത്രിക സമർപ്പിക്കും.

തിരുവനന്തപുരം കഴക്കൂട്ടത്ത് NDA സ്ഥാനാർത്ഥി V മുരളീധരൻ, കോട്ടയം പുതുപ്പള്ളിയിൽ LDF സ്ഥാനാർത്ഥി KM രാധാകൃഷ്ണൻ, UDF ലെ ചാണ്ടി ഉമ്മൻ എന്നിവർ രാവിലെ പത്രിക നൽകും. പൂഞ്ഞാറിലെ LDF സ്ഥാനാർത്ഥി സബാസ്റ്റ്യൻ കൊളത്തിങ്കലും രാവിലെ പത്രിക സമർപ്പിക്കും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളിലെ പരസ്യങ്ങൾ നിയന്ത്രിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും വ്യക്തികളും സംഘടനകളും പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അതാത് ജില്ലകളിലെ മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളുടെ അനുമതി വാങ്ങേണ്ടതാണ്. TV, റേഡിയോ, പരസ്യസ്ക്രീനുകൾ, സാമൂഹ്യമാധ്യമങ്ങൾ, E- പേപ്പർ, ബൾക്ക് SMS, വോയ്സ് മെസ്സേജ് എന്നീ പ്രചാരണങ്ങൾക്ക് അനുമതി ആവശ്യമാണ്. നിശ്ചിത സമയക്രമം പാലിച്ച് ഇതിന് അപേക്ഷ നൽകണം. സ്ഥാനാർത്ഥികൾ പത്രിക നൽകുന്ന സമയത്ത് അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതാണ്. സാമൂഹ്യ മാധ്യമങ്ങൾ അടക്കം ഇന്റർനെറ്റ് പ്രചാരണങ്ങൾക്ക് ചെലവഴിച്ച തുകയെ പറ്റി തെരഞ്ഞെടുപ്പ് പൂർത്തിയായി 75 ദിവസത്തിനകം രാഷ്ട്രീയ പാർട്ടികൾ കമ്മീഷനെ അറിയിക്കേണ്ടതാണ്.

✪✪✪

തിരഞ്ഞെടുപ്പിലെ പെരുമാറ്റച്ചട്ട ലംഘനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് നേരിട്ട് പരാതി നൽകാൻ സജ്ജമാക്കിയ C-VIGIL സംവിധാനത്തിന് മികച്ച പ്രതികരണം ലഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു ഖേൽക്കർ അറിയിച്ചു. ഇന്നലത്തെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് 4585 പരാതികൾ ലഭിച്ചു. ഇതിൽ 4528 പരാതികളും പരിശോധിച്ച് തീർപ്പാക്കി..

പരാതിയിൽ നടപടി എടുക്കാൻ ശരാശരി 10 മിനിറ്റും 45 സെക്കൻഡും മാത്രമാണ് വേണ്ടി വന്നതെന്നും ഡോ. കേൽക്കർ പറഞ്ഞു. തീർപ്പാക്കിയ പരാതികളിൽ 4516 എണ്ണവും വസ്തുതാപരമായി ശരിയാണെന്ന് കണ്ടെത്തി. ഇത് തിരഞ്ഞെടുപ്പ് പ്രക്രിയയിലെ പൊതുജനങ്ങളുടെ ഉയർന്ന ജാഗ്രതയെയാണ് സൂചിപ്പിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിലയിരുത്തി.

✪✪✪

തിരുവനന്തപുരം ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ഇതുവരെ 2563 പ്രചാരണ ബോർഡുകളും അനധികൃത പ്രചാരണ സാമഗ്രികളും നീക്കം ചെയ്തു. സ്വകാര്യ സ്ഥലങ്ങളിൽ നിന്നും പ്രചാരണ സാമഗ്രികൾ മാറ്റിയിട്ടുണ്ട്.

✪✪✪

ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരൻമാർക്കും താമസസ്ഥലത്തു തന്നെ വോട്ടുചെയ്യാൻ ഏർപ്പെടുത്തിയ സംവിധാനത്തിൽ കണ്ണൂർ ജില്ലയിൽ 41,718 വോട്ടർമാർ.

കണ്ണൂരിൽ നിന്ന് കെ.ഒ.ശശിധരൻ...

..........വോയ്സ്........

ഭിന്നശേഷിക്കാരായ 22908 ഉം 85 വയസ്സ് കഴിഞ്ഞ 18810 ഉം ജില്ലയിൽ വോട്ടർമരുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. 85 ന് മുകളിൽ പ്രായമുള്ളവർ ഏറ്റവും കൂടുതൽ ഇരിക്കൂർ മണ്ഡലത്തിലാണ്. കുറവ് ,അഴീക്കോട് മണ്ഡലത്തിലും. ഭിന്നശേഷി വോട്ടർമാർ കൂടുതലുള്ളത് ഇരിക്കൂറിലാണ് ഏറ്റവും കുറവ് കണ്ണൂരുമാണ്.

ഫോം 12 ഡി യിലൂടെ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ ബൂത്ത് ലെവൽ ഓഫീസർമാർ വഴി സമർപ്പിക്കാം അർഹരാണെന്ന് കണ്ടെത്തുന്നവർക്ക് പോളിങ് ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം പോസ്റ്റൽ ബാലറ്റുകൾ അവരുടെ താമസസ്ഥലത്ത് എത്തിച്ചു നൽകും.

പോസ്റ്റൽ ബാലറ്റ് അനുവദിച്ചുകഴിഞ്ഞാൽ നിശ്ചിത ദിവസം പോളിംഗിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അനുബന്ധം 12 പ്രകാരം പട്ടികയിൽ ഉൾപ്പെട്ട

വോട്ടറുടെ വീട്ടിലെത്തി തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തും. ഏതെങ്കിലും വോട്ടർക്ക് അന്ധതയോ ശാരീരിക ബലഹീനതയോ കാരണം സ്വന്തമായി വോട്ട് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ സഹായം സ്വീകരിക്കാവുന്നതാണ്. ഇങ്ങനെ സഹായം തേടുന്നവർ സഹായി ഡിക്ലറേഷൻ നൽകണം.

✪✪✪

പരിസ്ഥിതി സൗഹാർദ്ദ തിരഞ്ഞെടുപ്പിനായി 'ഗ്രീൻ ബട്ടൺ' ക്യാമ്പയിന് തിരുവനന്തപുരത്ത് തുടക്കമായി. തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടപ്പാക്കാൻ തയ്യറാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ ഹാൻഡ്ബുക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പ്രകാശനം ചെയ്തു.

ബാനറുകൾ, പ്രചാരണ സാമഗ്രികൾ എന്നിവയിൽ PVC ഫ്ലക്സ് അടക്കം നിരോധിത പ്ലാസ്റ്റിക്ക് ഒഴിവാക്കി പോളി എത്തിലിൻ, കോട്ടൺ തുണി എന്നിവ ഉപയോഗിക്കണം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ആവരണത്തോട് കൂടിയ പ്ലേറ്റ്, പേപ്പർ കപ്പ് എന്നിവ ഒഴിവാക്കണം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ബഹ്റിൻ രാജാവ് ഹമദ് ബിൻ ഇസാ അൽ ഖലീഫയുമായി പശ്ചിമേഷ്യൻ സാഹചര്യം ടെലഫോണിൽ ചർച്ച ചെയ്തു. എണ്ണപ്പാടങ്ങൾക്കും സിവിലിയൻ മേഖലയ്ക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങളെ ഇരു നേതാക്കളും അപലപിച്ചു. മേഖലയിലെ കപ്പൽ ഗതാഗതം സുരക്ഷിതവും സ്വതന്ത്രവുമാക്കേണ്ടതിന്റെ ആവശ്യകത ഇരു നേതാക്കളും എടുത്തുപറഞ്ഞു. ബഹ്റിനിലെ ഇന്ത്യൻ സമൂഹത്തിന് പിന്തുണ നൽകുന്നതിൽ ബഹ്റിൻ ഭരണാധികാരിയ്ക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു.

✪✪✪

ഈദ് ആഘോഷങ്ങൾക്കിടയിലും ഇറാൻ ഇസ്രയേലിലും ഗൾഫ് അറബ് രാജ്യങ്ങളിലെ എണ്ണപ്പാടങ്ങളിലേക്കും മിസൈൽ ആക്രമണം നടത്തി. അതെ സമയം പേർഷ്യൻ പുതു വത്സരമായ നൗറ്സ് ദിനത്തിൽ ടെഹ്റാനിൽ ഇസ്രയേലിന്റെ വ്യോമാക്രമണവും ഉണ്ടായി.

സംഘർഷം മൂർച്ഛിക്കുന്ന പശ്ചാത്തലത്തിൽ അമേരിക്ക പശ്ചിമേഷ്യയിലേക്കു മൂന്നു യുദ്ധക്കപ്പലുകളെയും 2,500 നാവികരെയും വിന്യസിച്ചു. ഇറാന്റെ വൈദ്യതി സ്രോതസ്സായ ഗ്യാസ് ഫീൽഡ് ആക്രമണം US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അഭ്യർത്ഥനപ്രകാരം ഇസ്രായേൽ നിർത്തുമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യയിൽ എണ്ണ വില വർധന തുടരുകയാണ്. ഇറാനിൽ ഇതു വരെ 1300 ലധികം ആളുകളും ലെബനിൽ 1000 ത്തിലധികം ആളുകളും 15 ഇസ്രായേൽ സൈനികരും 13 US സൈനികരും സംഘർഷത്തിൽ മരിച്ചു.

പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ രാജ്യത്തെ ഊർജ്ജ വിതരണം തടസ്സപെടാതിരിക്കാൻ കേന്ദ്രം വിവിധ മന്ത്രലയങ്ങളെ ഏകോപിപ്പിച്ചു പ്രവർത്തനം ശക്തിപ്പെടുത്തി. പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, വാങ്ങിക്കൂട്ടലുകൾ എന്നിവ തടയാനാണ് ഗവൺമെന്റ് നടപടി.

രാജ്യത്ത് ഇന്ധന ലഭ്യതയിൽ കുറവില്ലെന്നും LPGയുടെ ആഭ്യന്തര ഉത്പാദനം ഏകദേശം 40 ശതമാനം വർദ്ധിപ്പിച്ചതായും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. വീടുകൾക്കും ഗതാഗതത്തിനുമാണ് LPG വിതരണത്തിലെ മുൻഗണന. പശ്ചിമേഷ്യയിലെ സംഘർഷ മേഖലകളിൽ നിന്നും നൂറുകണക്കിന് ഇന്ത്യക്കാരെ സുരക്ഷിതമായി തിരിച്ചെത്തിച്ചതായും വിദേശ കാര്യ മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഉത്തരേന്ത്യയിൽ ഇന്ന് ഈദ് ഉൽ ഫിത്തർ ആഘോഷിക്കും. രാഷ്ട്രപതി ദ്രൗപതി മുർമു വിശ്വാസികൾക്ക് റംസാൻ ആശംസകൾ നേർന്നു. സമൂഹത്തിൽ സ്നേഹം, സാഹോദര്യം, സമാധാനം, പരസ്പര ഐക്യം എന്നിവ ഉറപ്പാക്കുന്നതാണ് ഈദ് ആഘോഷമെന്നു രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. കേരളത്തിൽ ഇന്നലെയായിരുന്നു ഈദ് ഉൽ ഫിത്തർ.

✪✪✪

ഡോ.വന്ദനാ ദാസ് വധക്കേസിൽ കൊല്ലം അഡീഷണൽ സെഷൻസ് കോടതി ശിക്ഷ വിധിക്കും. പ്രതി സന്ദീപിന് വധശിക്ഷ നൽകണമെന്നും അപൂർവ്വങ്ങളിൽ അപൂർവമായ കേസായി കണക്കാക്കണമെന്നും പോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു.

✪✪✪

ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ തൻവി ശർമയും ഇഷാറാണി ബറുവയും വനിതാ സിംഗിൾസ് സെമിയിലെത്തി. ജപ്പാൻ താരത്തെ തോൽപ്പിച്ചാണ് തൻവിയുടെ സെമി പ്രവേശം. ക്വാർട്ടർ ഫൈനൽ മത്സരത്തിൽ മാളവിക ബൻസോത് പിൻമാറിയതിനെ തുടർന്നാണ് ഇഷാറാണി സെമിയിലെത്തിയത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് പഞ്ചാബ് FCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കലൂർ  ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മൽസരം.

✪✪✪

മലബാറിലെ ആദ്യ സോളാർ പോലീസ് എയ്ഡ് പോസ്റ്റ് പെരിന്തൽമണ്ണയിൽ ഉദ്ഘാടനം ചെയ്തു. കത്തുന്ന വെയിലിൽ റോഡിൽ ജോലി ചെയ്യുന്ന ട്രാഫിക് പൊലീസിനായി പ്രവർത്തിക്കുന്ന എയ്ഡ് പോസ്റ്റിൽ  കൂളിംഗ് വിൻഡോകൾ, ഫാൻ, എക്സോസ്റ്റ് ഫാൻ തുടങ്ങിയ നൂതന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

✪✪✪

കൊല്ലം നീണ്ടകരയിൽ മീൻ പിടുത്ത ബോട്ട് മുങ്ങി. ബോട്ടിൽ ഉണ്ടായിരുന്ന ഏഴ് തൊഴിലാളികളെ മറ്റു ബോട്ടുകളിലെ തൊഴിലാളികൾ രക്ഷപ്പെടുത്തി.

✪✪✪

കൊല്ലം കാവനാട് 16 കിലോയിലേറെ കഞ്ചാവുമായി യുവാവ് എക്സൈസ് പിടിയിലായി. കല്ലുവാതുക്കൽ നടക്കൽ സ്വദേശി അരുണൻ ആണ് കസ്റ്റഡിയിലായത്.

✪✪✪

കോഴിക്കോട് ജില്ലയിലെ പക്ഷിപ്പനി ബാധിത മേഖലയിൽ വളർത്തു പക്ഷികളുടെ കള്ളിംഗ് ഇന്ന് ആരംഭിക്കും. 15,000ത്തോളം പക്ഷികളെ കൊന്നൊടുക്കാനാണ് മൃഗസംരക്ഷണ വകുപ്പിന്റെ തീരുമാനം.

ആലപ്പുഴയിലെ പക്ഷിപ്പനി ബാധിത പ്രദേശങ്ങളിലും  കള്ളിംഗ് ഇന്ന് തുടങ്ങും.

✪✪✪

കൊല്ലം പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിൽ മലക്കുട ഉത്സവത്തിന് കൊടിയേറി. ഈ മാസം 27നാണ് മഹോത്സവം. നാളെ വൈകിട്ട് മലക്കുടസമ്മേളനം മുൻ അംബാസഡർ TP. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. മലയപ്പൂപ്പൻ പുരസ്കാരം ശ്രീകുമാരൻതമ്പിക്ക് സമ്മാനിക്കും.

✪✪✪

വിദ്യാഭ്യാസ മന്ത്രാലയം ഇന്ന് മുംബൈയിൽ ഭാരത് ഇന്നൊവേറ്റ്സ് ഡീപ്-ടെക് പ്രീ-സമ്മിറ്റ് സംഘടിപ്പിക്കും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ചടങ്ങിനെ അഭിസംബോധന ചെയ്യും. രാജ്യത്തെ മൂവായിരത്തിലധികം

അപേക്ഷകരിൽ നിന്ന് തിരഞ്ഞെടുത്ത 137 ഡീപ്-ടെക് സ്റ്റാർട്ടപ്പുകൾ രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഏതാനും ജില്ലകളിൽ നാളെ വരെ ഉയർന്ന താപനിലക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കും.

ചിലയിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

*News Editor : ശ്രുതി എം*
*News Reader : അനിൽ ചന്ദ്രൻ*
*News Team: മണികണ്ഠൻ*
*DEO: സി കെ സുബോധ്*